**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4789** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര മണ്ഡലത്തിലെ റെയിൽവേ സ്റ്റേഷൻ-പൊന്നേഴ-വാത്തികുളം-ഭരണിക്കാവ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | നബാർഡ് XXVII 2021-22-ൽ ഉൾപ്പെടുത്തി മാവേലിക്കര റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ-പൊന്നേഴ-വാത്തിക്കുളം കൊയിക്കൽ മാർക്കറ്റ് റോഡിന്റെ (ചെയി: 0/000-8/500)പുനരുദ്ധാരണത്തിനായി ജി.ഒ.(ആർ.റ്റി)നം. 49/2022/പി.ഡബ്ല്യൂ.ഡി തീയതി: 14.01.2022 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സൈറ്റ് പരിശോധിച്ചപ്പോൾ ടി റോഡിന്റെ ആദ്യത്തെ 3.5 കി.മീ. ഭാഗത്ത് മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഈ ഭാഗം ഗ്രാമപഞ്ചായത്തിന്റെ നഷ്ടോത്തര കാലാവധിക്കുള്ളിൽ ആയതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കി ടി റോഡിനോട് ചേർന്നുള്ള പൊതുമരാമത്ത് റോഡായ വാത്തിക്കുളം- ചുനക്കര (സൗത്ത്) റോഡിന്റെ കി.മീ 0/000 മുതൽ 3/000, പള്ളിക്കൽ പുന്നമൂട് റോഡിന്റെ കി.മീ 2/450 മുതൽ 3/000 വരെയുള്ള ഭാഗവും കൂടി ഉൾപ്പെടുത്തി നബാർഡ് 2021-22 മാവേലിക്കര റെയിൽവേസ്റ്റേഷൻ-പൊന്നേഴ-വാത്തിക്കുളം-കോയിക്കൽ മാർക്കറ്റ് റോഡ് കി.മീ 3/500-8/500 & കണക്ഷൻ റോഡ്-വാത്തിക്കുളം-ചുനക്കര (സൗത്ത്) കി.മീ 0/000 മുതൽ 3/000 & പള്ളിക്കൽ പുന്നമൂട് റോഡ് കി.മീ 2/450-3/000 എന്ന പേരിലേയ്ക്ക് nomenclature മാറ്റി പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ തുടരുന്നു. |

സെക്ഷൻ ഓഫീസർ